# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**
**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1225/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 27/09/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1225/2025 തീയ്യതി: 27/09/2025

# കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-08-2024 മുതൽ 06-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയരക്ടർ | 07-07-2025 | 17-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-07-2025 | 17-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ലീലാകൃഷ്ണൻ എൻ.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ എം.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ദേവാനന്ദ് ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രാർത്ഥന.എ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ.സതീശൻ പുളുക്കു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 26-04-2024 |
| ശ്രീ.ഉല്ലാസൻ.എം | സെക്രട്ടറി | 27-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ പുളുക്കു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി.വത്സല.കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.അമിത സിസിൽ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഷീജ.കെ.വി | വി.ഇ.ഒ-എടാട്ട് സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ.റായപ്പൻ സ്റ്റാൻലി | വി.ഇ.ഒ-കുഞ്ഞിമംഗലം സർക്കിൾ | 01-04-2024 | 31-03-2025 |
| ഡോ.അഞ്ജിത കൃഷ്ണ.ബി | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീ.മുഹമ്മദലി.കെ.പി | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീമതി.സ്മിത മാരാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.മിനി നാരായണൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |
| ഡോ. ഷീബ പി. നായർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 01-04-2024 | 31-03-2025 |
| ശ്രീമതി ഷൈലജ പി.പി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകയും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല. | 1-1-4 |
| 6 | HUDCO ലോൺ- തിരിച്ചടക്കാൻ ബാക്കിയുള്ള തുക വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-5 |
| 7 | ഓഫീസ് വാഹനം ആസ്തി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- കാലികമാക്കിയിട്ടില്ല | 1-1-7 |
| 9 | സംസ്ഥാന സർക്കാർഗ്രാന്റ് ബി-4-ലെയും ബി-17 ലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-8 |
| 10 | മുൻകൂർ തുകകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | MGNREGS-അഡ്വാൻസ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക നില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | ഗ്രാമസഭ | 1-10 |
| 21 | തൊഴിൽ നികുതി അപാകങ്ങൾ | 1-11 |
| 22 | ലൈബ്രറി സെസ് ആയി പിരിച്ചെടുത്ത തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കിയില്ല | 1-12-1 |
| 23 | വസ്തു നികുതി പരിഷ്കരണം-ഫീൽഡ് തല പരിശോധന പൂർത്തിയാക്കി നികുതി പരിഷ്കരണം പൂർത്തീകരിക്കേണ്ടതാണ് | 1-12 |
| 24 | തുടർ സാക്ഷരതാ പ്രവർത്തനം - രേഖകൾ ഹാജരാക്കിയില്ല. ₹17300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 25 | പത്താമുദയം -രേഖകൾ ഹാജരാക്കിയില്ല ₹3,900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 26 | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല. ₹9,21,880 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 27 | എ ബി സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 28 | ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോപ്പതി) ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല-2,97,289 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 29 | കുടുംബാരോഗ്യ കേന്ദ്രത്തിൽ എയർകണ്ടീഷണർ സ്ഥാപിക്കൽ-രേഖകൾ ഹാജരാക്കിയില്ല.1,18,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 30 | കുടുംബാരോഗ്യകേന്ദ്രത്തിൽ ജനറേറ്റർ സ്ഥാപിക്കൽ-രേഖകൾ ഹാജരാക്കിയില്ല-1,87,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 31 | മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - കൃത്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-20 |
| 32 | മുൻകൂർ അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-21 |
| 33 | ജൽജീവൻ മിഷൻ പദ്ധതി | 1-22 |

| | | |
|---|---|---|
| 34 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം- ഗ്രാമപഞ്ചായത്ത് തല അവലോകനം | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിശദ വിവരം | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 10.06.2025 തീയതിയിലെ 144/25 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 11.06.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 31.03.2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
27.09.2025.

## 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹3,14,34,950) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (₹55,53,989) പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോയിൽ ആകെ തുകകളിൽ ഇരട്ടിപ്പുണ്ട്. ക്യാഷ് ഫ്ലോയിലെ ആകെ തുകയിൽ ഇരട്ടിപ്പുണ്ട്.

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകയും ഉൾപ്പെടുത്തിയിട്ടില്ല

(1) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
(2) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
(3) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
4) റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന നോട്ട് ഓൺ അക്കൗണ്ട് AFS-ന്റെ

ഭാഗമാക്കിയിട്ടില്ല. ഐ കെ എം ന്റെ സഹായത്തോടെ എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കേണ്ടതാണ്.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-4 ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല.

ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-1-5 HUDCO ലോൺ- തിരിച്ചടക്കാൻ ബാക്കിയുള്ള തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

HUDCO യിൽ നിന്നും 2024-25 വർഷം ആകെ ലഭിച്ചിട്ടുള്ള ലോൺ തുക ₹25,10,952 ആണ്. എന്നാൽ B-5 Secured Loan ഷെഡ്യൂളിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയായി ഉൾപ്പെടുത്തിയിട്ടുള്ളത് ₹25,12,147 ആണ്.

## 1-1-6 ഓഫീസ് വാഹനം ആസ്തി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല

ഓഫീസ് വാഹനത്തെ ആസ്തി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- കാലികമാക്കിയിട്ടില്ല

കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ തൻവർഷം ഉണ്ടായിട്ടുള്ള ചെലവ് തുക കൂട്ടിചേർത്തിട്ടില്ല.

## 1-1-8 സംസ്ഥാന സർക്കാർഗ്രാന്റ് ബി-4-ലെയും ബി-17 ലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

സംസ്ഥാന സർക്കാർ ഗ്രാന്റുകൾ (ലൈഫ്) എന്നതുമായി ബന്ധപ്പെട്ട ബി 4 ഷെഡ്യൂളിലെ തുക (₹9,64,471) ബി 17ലെ തുകയിൽ (₹5,04,471) നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-1-9 മുൻകൂർ തുകകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

1. സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ (പ്രൊജക്ട് നം. 11/25) എന്ന പ്രൊജക്ടിന്റെ ഭാഗമായി കേരള ഇലക്ട്രിസിറ്റി ബോർഡിന് ₹9,21,880 മുൻകൂറായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ബി 18 ഷെഡ്യൂളിൽ ₹3,00,000 മാത്രമേ ക്രമീകരിക്കാൻ ബാക്കിയുള്ളതായി ഉൾപ്പെടുത്തിയിട്ടുള്ളൂ.
2. ലാബ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രൊജക്ട് നം 277/25) എന്ന പ്രൊജക്ടിന്റെ ഭാഗമായി പി ഡബ്ല്യ ഡി (ഇലക്ട്രിക്കൽ സെക്ഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ₹1,18,000 മുൻകൂറായി അനുവദിച്ചതിന്റെ വിവരം B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-10 MGNREGS-അഡ്വാൻസ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

MGNREGS Cash Book പ്രകാരം 31-03-2025 ഭരണചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂറായി ലഭിച്ചിട്ടുള്ള ₹20,38,495 യിൽ ₹9,04,171 തിരികെ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. ആയത് പ്രകാരം മുൻകൂർ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നൽകാൻ ബാക്കിയുള്ള തുക ₹11,34,324 യാണ്. എന്നാൽ ബി-18 ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ₹12,03,451 യാണ്. (28-03-25 ന് റി ഫണ്ട് ചെയ്ത ₹69,127 ഉൾപ്പെട്ടിട്ടില്ല).

## 1-2 ബജറ്റ്

കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 15.02.2024-ലെ 2/38/24(1) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 18.03.2025 തീയതിയിലെ 65/2025 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ്(₹) | 1,08,66,397 | 1,04,49,947 |
| പ്രതീക്ഷിത വരവ്(₹) | 23,34,83,920 | 19,00,87,405 |
| ആകെ(₹) | 24,43,50,317 | 20,05,37,352 |
| പ്രതീക്ഷിത ചെലവ്(₹) | 23,97,35,728 | 19,12,02,154 |
| നീക്കിയിരിപ്പ്(₹) | 46,14,589 | 93,35,198 |

## 1-3 സാമ്പത്തിക നില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ്(₹) | 1,63,65,021 |
| വരവ്(₹) | 4,55,84,050 |
| ആകെ(₹) | 6,19,49,071 |

| | |
|---|---|
| ചെലവ് (₹) | 4,00,30,061 |
| നീക്കിയിരിപ്പ്(₹) | 2,19,19,010 |
| വരവിനങ്ങളിലുള്ള നഷ്ടം(₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(₹) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക(₹) | 16,45,369 |

വികസന ഫണ്ട്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, സംരക്ഷണ ഗ്രാന്റ് തുടങ്ങിയ ഇനങ്ങളിലുള്ള വരവു ചെലവുകൾ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,70,71,000 | 1,70,71,000 | 1,70,71,000 | 0 |
| വികസന ഫണ്ട് എസ്.സി.പി | 0 | 27,19,000 | 27,19,000 | 27,19,000 | 0 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 95,80,000 | 95,80,000 | 95,80,000 | 0 |
| മെയിന്റനൻസ് റോഡ് | 0 | 1,11,69,000 | 1,11,69,000 | 1,11,69,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 3089 | 6213500 | 6216589 | 3367401+624= 3368025** | 2848564 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ് | 2,61,874 | 2876267+ 95315(പലിശ) =29,71,582 | 32,33,456 | 2587030+ 7460**=2594490 | 6,38,966 |
| വിമുക്തി | 640 | 0 | 640 | 0 | 640 |
| ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം | 15,91,398 | 21,62,060 | 37,53,458 | 16,65,233 | 20,88,225 |
| കെ.എസ്.എഫ്.ഇ. | 10,000 | 0 | 10,000 | 0 | 10,000 |
| ടിഎസ് സി | 4,83,935(*) | 10,000 | 4,93,935 | 10,000 | 4,83,935 |
| സംസ്ഥാന സർക്കാർ ഗ്രാന്റുകൾ | 4,44,579 | 9,19,892 | 13,64,471 | 860000 | 5,44,471* |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 4,78,631 | 4,78,631 | 4,78,631 | 0 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ) | 6,54,297 | 3,44,684 | 9,98,981 | 6,40,345 | 3,58,636 |
| ഹെൽത്ത് ഗ്രാന്റ്ഹെൽത്ത് & വെൽനസ് | 36,944 | 5,35,636 | 5,72,580 | 55,480 | 5,17,100 |
| ഹെൽത്ത് ഗ്രാന്റ് ബിൽഡിംഗ് | 867 | 28 | 895 | 0 | 895 |

*B-4 ഷെഡ്യൂളിൽ ₹9,64,471 ബാധ്യതയായി ഉൾപ്പെടുത്തിയത് ധനകാര്യപത്രികയുടെ അപാകതയായി പരാമർശിച്ചിട്ടുണ്ട്.
**CFC ഗ്രാന്റിൽ 2023-24 വർഷത്തെ ഫൈനൽ ബിൽ പ്രകാരമുള്ള ചെലവ് തുക ബാങ്കിൽ നിന്നും 2024-25 വർഷം മാറിയത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 259 | 109342196 | 215 | 63547139 | 10 | 44 | 205 | 79.15 |

**വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്കുകളുടെ വിവരം**

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്കുകൾ | നടപ്പാക്കിയത് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 11 | 6032186 | 5802021 | 96.18 |
| 2 | വെറ്റിനറിസർജൻ | 10 | 10 | 2761000 | 2280088 | 82.58 |
| 3 | മെഡിക്കൽഓഫീസർ എഫ് എച്ച് സി | 28 | 25 | 8037834 | 6815406 | 84.79 |
| 4 | എസ് ഐ ഓഫ് ഫിഷറീസ് | 3 | 3 | 188000 | 180860 | 96.2 |
| 5 | വി ഇ ഒ | 16 | 14 | 30580400 | 10445730 | 34.16 |
| 6 | ഐ സി ഡി എസ് സൂപ്പർവൈസർ | 24 | 24 | 6500408 | 5915957 | 91.01 |
| 7 | ഡയറിഎക്സ്ടെൻഷൻ ഓഫീസർ | 2 | 2 | 668948 | 575282 | 86 |
| 8 | സെക്രട്ടറി | 43 | 22 | 16899760 | 4476235 | 26.49 |
| 9 | അസിസ്റ്റന്റ്എഞ്ചിനീയർ | 97 | 81 | 33702456 | 23468192 | 69.63 |
| 10 | ഹെഡ്മാസ്റ്റർ | 14 | 14 | 2094930 | 2006329 | 95.77 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 1876274 | 1581039 | 84.26 |
| | | 259 | 215 | 109342196 | 63547139 | 58.12 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 904171 | 904171 | 904171 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19296000 | 19296000 | 19296000 | 0 |
| ആകെ | 0 | 20200171 | 20200171 | 20200171 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6247600 | 371 |
| വിധവ പെൻഷൻ | 14411300 | 790 |
| വാർദ്ധ്യക്യകാല പെൻഷൻ | 31491300 | 1934 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1179600 | 69 |
| ഭിന്നശേഷി പെൻഷൻ | 4157700 | 226 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.07.2025ന് 2.59 Pm മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹28,000 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**ഓഫീസ് പ്രവർത്തനങ്ങൾ**

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ യോഗം ചേരുന്നുണ്ട്. സമഗ്രമായ ജോലി വിഭജന രേഖ ഇക്കാലയളവിൽ പുറപ്പെടുവിച്ചിട്ടില്ല. നികുതി പുരോഗതി വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്.

**ആസ്തി രജിസ്റ്റർ**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തികൾ സൃഷ്ടിക്കപ്പെടുന്ന മുറക്കു തന്നെ അപ്ഡേഷൻ വരുത്താൻ ശ്രദ്ധിക്കേണ്ടതും ആസ്തി മൂല്യം സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതും ഡിപ്രീസിയേഷൻ കണക്കുകൾ ആസ്തിക്ക് അനുസൃതമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ആർ ട്രാക്ക് സംവിധാനം വഴി ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ മാപ്പിംഗ് നടത്തി റോഡുകൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമാക്കേണ്ടതാണ്. ഫീൽഡ് പരിശോധന വഴി മറ്റ് ആസ്തികളുടെ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്താവുന്നതാണ്.

**വസ്തു നികുതി പരിഷ്ക്കരണം**

വസ്തു നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് തല സർവ്വേ നാളിതുവരെയായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സർവ്വേ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതും അനധികൃത കൂട്ടിച്ചേർക്കലുകളും നിർമ്മാണങ്ങളും കണ്ടെത്തി വസ്തുനികുതിയിനത്തിലുള്ള നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

**സകർമ്മ- മീറ്റിംഗ് മിനുട്ട് അംഗീകാരത്തിനയക്കാൻ കാലതാമസം വരുന്നു.**

ഭരണസമിതി യോഗങ്ങളുടെയും സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളുടെയും മിനിട്സ് സകർമ്മ സോഫ്റ്റ് വെയർ മുഖേനയാണ് നിലവിൽ തയ്യാറാക്കി വരുന്നത്. മീറ്റിംഗ് മിനിട്സ് തയ്യാറാക്കി അംഗീകാരത്തിനയക്കുന്നതിൽ കാലതാമസം വരുത്തുന്നത് 1995 ലെ കേരള പഞ്ചായത്ത് രാജ് (യോഗനടപടിക്രമങ്ങൾ) ചട്ടങ്ങളിലെ ചട്ടം 26(4,6,8) എന്നിവയുടെ ലംഘനമാണ്.

**ഭൂമിയുടെ അടിസ്ഥാനനികുതി**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമി ഉൾപ്പെടെയുള്ള സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിലേക്ക് വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും 2024-25 സാമ്പത്തിക വർഷം മൂന്നു തവണ ഗ്രാമസഭാ യോഗം ചേർന്നിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കൽ, 2023-24 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകൾ അംഗീകരിക്കൽ, സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കൽ, മാലിന്യ മുക്ത നവകേരളം പദ്ധതി, വാർഷിക പദ്ധതി അവലോകനം, 2025-26 വാർഷിക പദ്ധതി രൂപീകരണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ലേബർ ബജറ്റും ആക്ഷൻ പ്ലാനും അംഗീകരിക്കൽ എന്നിവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ. മീറ്റിംഗ് മിനുട്ട് അതത് മീറ്റിംഗുകളിൽ പങ്കെടുത്തവരിൽ പതിനഞ്ചു പേരെങ്കിലും സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 16, 17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

(എ) തൊഴിൽ നികുതി – നിയമപ്രകാരമുള്ള പിഴപ്പലിശ ഈടാക്കേണ്ടതാണ്

സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട് ) 01.04.2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട് (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). 24.08.2000 തീയതിയിലെ 51457/എൻ.1/ത.ഭ.വ നമ്പർ സർക്കുലർ പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209-ഇ പ്രകാരം തൊഴിൽ നികുതി നൽകേണ്ടതായ തീയതിയിൽ ഡിമാൻഡ് തുക നൽകുന്നതിൽ വീഴ്ച വരുത്തിയാൽ അടവാക്കേണ്ട ഒന്നാം വർഷത്തെ തൊഴിൽ നികുതിക്ക് പ്രസ്തുത സാമ്പത്തിക വർഷത്തെ സപ്തംബർ ഒന്നു മുതലും രണ്ടാം വർഷത്തെ തൊഴിൽ നികുതിക്ക് പ്രസ്തുത സാമ്പത്തിക വർഷത്തെ മാർച്ച് ഒന്ന് മുതലും പിഴപ്പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-25 സാമ്പത്തിക വർഷത്തെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയത് 30.09.2024-ന് ശേഷമാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

2024-25 സാമ്പത്തിക വർഷം തൊഴിൽ നികുതി (ജീവനക്കാർ) ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കിയ തൊഴിൽ നികുതി(₹) | രശീത് നമ്പർ/ തീയതി | ഈടാക്കേണ്ട പിഴപ്പലിശ |
|---|---|---|---|---|
| 1 | എഫ് എച്ച് സി കുഞ്ഞിമംഗലം | 16,000 | 1240102060/15.10.2024 | 4% |
| | | 11,000 | 1240102076/16.10.2024 | 4% |
| 2 | കള്ള് ഷാപ്പ്, കണ്ടംകുളങ്ങര | 900 | 1240101973/03.10.2024 | 4% |
| 3 | ഇരിക്കൂർ റസ്റ്റോറന്റ് | 1,050 | 1240102027/09.10.2024 | 4% |
| 4 | സഫി എന്റർപ്രൈസസ് ആന്റ് ഹൈടെക് ബ്യൂട്ടി ക്ലിനിക് | 600 | 1240102029/09.10.2024 | 4% |
| 5 | സാം പിയാജിയോ, എടാട്ട് | 1,450 | 1240102054/14.10.2024 | 4% |
| 6 | ഡെലിവെറി ലിമിറ്റഡ് | 5,250 | 1240102064/15.10.2024 | 4% |
| 7 | ഐകെഎം സ്റ്റുഡിയോ എടാട്ട് | 4,680 | 1240102097/18.10.2024 | 4% |
| 8 | പയ്യന്നൂർ കോളേജ് എംപ്ലോയീസ് കോ-ഓപ്പ് സൊസൈറ്റി | 900 | 1240102128/22.10.2024 | 4% |
| 9 | അരുണ ഹോം സൊല്യൂഷൻസ് | 6,750 | 1240102146/24.10.2024 | 4% |
| 10 | മിറാക്കിൾ ഫിസിയോതെറാപ്പി ക്ലിനിക് | 180 | 1240102167/25.10.2024 | 4% |
| 11 | ഗോലൈൻ നെറ്റ്‌വർക്ക് പ്രൈവറ്റ് ലിമിറ്റഡ് | 1,500 | 1240102177/25.10.2024 | 4% |
| 12 | കള്ള് ഷാപ്പ് കുഞ്ഞിമംഗലം | 1,440 | 1240102178/25.10.2024 | 4% |
| 13 | സിവിൽ ടെക് ആണ്ടാംകൊവ്വൽ | 1,250 | 1240102239/29.10.2024 | 4% |
| 14 | നട്ടൂര ഇന്നൊവേഷൻസ് പാണച്ചിറ | 360 | 1240102276/30.10.2024 | 4% |
| 15 | ക്വിക്ക് ആന്റ് ക്വാളിറ്റി | 450 | 1240102452/06.11.2024 | 6% |

| | | | | |
|---|---|---|---|---|
| | ഹൈടെക് ഓട്ടോമൊബൈൽ | | | |
| 16 | ഫൈവ് സ്റ്റാർ തട്ടുകട, ആണ്ടാംകൊവ്വൽ | 660 | 1240102498/06.11.2024 | 6% |
| 17 | സോണ മാർബിൾസ് | 1,500 | 1240102530/07.11.2024 | 6% |
| 18 | ഇന്ത്യൻ ഓട്ടോവർക്ക്, എടാട്ട് | 900 | 1240102559/08.11.2024 | 6% |
| 19 | ആര്യ മോട്ടോഴ്സ് | 8,200 | 1240103468/18.12.2024 | 8% |
| 20 | കുഞ്ഞിമംഗലം ക്ഷീര വ്യവസായ സഹകരണ സംഘം | 750 | 1240103578/24.12.2024 | 8% |
| 21 | പീവീസ് ബിസിനസ് ലിങ്ക്സ് | 1,200 | 1240104482/11.02.2025 | 12% |

തൊഴിൽ നികുതി വൈകി ഒടുക്കിയ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നിയമപ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/17.07.2025) 2024-25 സാമ്പത്തിക വർഷത്തെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി 30.09.2024-ന് ശേഷം ഒടുക്കിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള പിഴപ്പലിശ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി) തൊഴിൽ നികുതി – പരിഷ്കരിച്ച സ്ലാബ് പ്രകാരം ഈടാക്കേണ്ടതാണ് – തൊഴിൽ നികുതി ഈടാക്കിയില്ല – 3850 രൂപയുടെ നഷ്ടം

27.06.2024 ലെ സ.ഉ.(സാധാ) നം.1149/2024 /എൽ എസ് ജി ഡി പ്രകാരം ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ 2.118 നമ്പർ ശിപാർശയിൽ ഗ്രാമപഞ്ചായത്തുകളിലെ തൊഴിൽ നികുതി നിരക്കുകളുടെ സ്ലാബുകൾ പരിഷ്ക്കരിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 01.10.2024 മുതൽ പ്രാബല്യമുണ്ട്. ചുവടെ കൊടുത്ത ജീവനക്കാരിൽ നിന്നും പരിഷ്ക്കരിച്ച നിരക്കിൽ 2024-25 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം (റിട്ടേൺ പ്രകാരം) (₹) | ഈടാക്കിയ നികുതി (₹)/രശീത് നമ്പർ/ തീയതി | ഈടാക്കേണ്ട നികുതി (₹) (പരിഷ്കരിച്ച നിരക്ക് പ്രകാരം) | കുറവ് (₹) |
|---|---|---|---|---|---|---|
| 1 | ശ്രീമതി.അനിത പി | സ്വാമി ആനന്ദതീർത്ഥ ക്യാമ്പസ്, പയ്യന്നൂർ | 46,080 | 600/1240104789/27.02.2025 | 750 | 150 |
| 2 | ശ്രീ.സുരേഷ് കെ എം | കെബിസി ഗ്രീൻ പാർക്ക് ഹോട്ടൽ, എടാട്ട് | 72,000 | 600/1240104454/10.02.2025 | 750 | 150 |
| 3 | ശ്രീ.സുമൻ ഡേ | കെബിസി ഗ്രീൻ പാർക്ക് ഹോട്ടൽ, എടാട്ട് | 72,000 | 600/1240104454/10.02.2025 | 750 | 150 |
| 4 | ശ്രീ.സിജോ ജെയിംസ് | കെബിസി ഗ്രീൻ പാർക്ക് ഹോട്ടൽ, എടാട്ട് | 72,000 | 600/1240104454/10.02.2025 | 750 | 150 |
| 5 | ശ്രീ.ബിവിൻ ആന്റണി | കെബിസി ഗ്രീൻ പാർക്ക് ഹോട്ടൽ, എടാട്ട് | 72,000 | 600/1240104454/10.02.2025 | 750 | 150 |
| 6 | ശ്രീ.മനോഹരൻ | കെബിസി ഗ്രീൻ പാർക്ക് ഹോട്ടൽ, എടാട്ട് | 72,000 | 600/1240104454/10.02.2025 | 750 | 150 |
| 7 | ശ്രീ.നവനീത് | കെബിസി ഗ്രീൻ പാർക്ക് ഹോട്ടൽ, എടാട്ട് | 72,000 | 600/1240104454/10.02.2025 | 750 | 150 |
| 8 | ശ്രീ.ശുബാങ്കർ റോയ് | കെബിസി ഗ്രീൻ പാർക്ക് ഹോട്ടൽ, എടാട്ട് | 72,000 | 600/1240104454/10.02.2025 | 750 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 9 | ശ്രീ.സിജോ ജെ | കെബിസി ഗ്രീൻ പാർക്ക് ഹോട്ടൽ, എടാട്ട് | 72,000 | 600/1240104454/10.02.2025 | 750 | 150 |
| 10 | ശ്രീ.ഷൈജു | ട്രേഡ് ഹൗസ്, എടാട്ട് | 48,000 | 450/1240104776/25.02.2025 | 750 | 300 |
| 11 | ശ്രീമതി.സജ്ന | ട്രേഡ് ഹൗസ്, എടാട്ട് | 42,000 | 300/1240104776/25.02.2025 | 600 | 300 |
| 12 | ശ്രീമതി.സിനി | ട്രേഡ് ഹൗസ്, എടാട്ട് | 48,000 | 450/1240104776/25.02.2025 | 750 | 300 |
| 13 | ശ്രീ.സോനു ബി കൃഷ്ണൻ | എക്സ് സർവ്വീസ് മെൻ മൾട്ടി പർപ്പസ് കോ-ഓപ് സൊസൈറ്റി (കോ-ഓപ് പെയിന്റ്സ്), കുഞ്ഞിമംഗലം | 1,02,114 | 750/1240105448/25.03.2025 | 1,000 | 250 |
| 14 | ശ്രീ.കെ പി ചന്ദ്രൻ | ക്വിക്ക് ആന്റ് ക്വാളിറ്റി ഹൈടെക് ഓട്ടോമൊബൈൽ | 59,400 | 450/1240104076/24.01.2025 | 750 | 300 |
| 15 | ശ്രീ.അബൂബക്കർ എം | സോണ മാർബിൾസ് | 71,000 | 600/1240104765/25.02.2025 | 750 | 150 |
| 16 | ശ്രീ.പ്രകാശൻ പി കെ | സോണ മാർബിൾസ് | 52,000 | 450/1240104765/25.02.2025 | 750 | 300 |
| 17 | ശ്രീ.മുബശ്ശിർ | സോണ മാർബിൾസ് | 52,000 | 450/1240104765/25.02.2025 | 750 | 300 |
| 18 | ശ്രീമതി.ദീപ | ആര്യ മോട്ടോഴ്സ് | 66,180 | 600/1240104630/17.02.2025 | 750 | 150 |
| 19 | ശ്രീമതി.രജനി | ആര്യ മോട്ടോഴ്സ് | 69,330 | 600/1240104630/17.02.2025 | 750 | 150 |
| | | | | ആകെ | | 3850 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-20/17.07.2025) 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷത്തെ പരിഷ്കരിച്ച തൊഴിൽ നികുതി പ്രകാരമുള്ള വരവിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്.
പരിഷ്കരിച്ച തൊഴിൽ നികുതി സ്ലാബ് പ്രകാരമുള്ള തൊഴിൽ നികുതിയിൽ കുറവ് വന്ന 3850 രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12-1 ലൈബ്രറി സെസ് ആയി പിരിച്ചെടുത്ത തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കിയില്ല.

തദ്ദേശഭരണ (എൽ) വകുപ്പ് 20.09.2006 ൽ പുറപ്പെടുവിച്ച 10088/എൽ 3/05 തസ്വഭവ നമ്പർ മാർഗ്ഗനിർദേശം അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക ഓരോ വർഷവും രണ്ടു ഗഡുക്കളായി (ഏപ്രിൽ 30 നകവും, സെപ്തംബർ 30 നകവും ) സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടയ്ക്കേണ്ടതാണ്. കേരള പബ്ലിക്ക് ലൈബ്രറീസ്(കേരള ഗ്രന്ഥശാല സംഘം) അമെൻഡ്മെന്റ് ആക്ട് 2000 (1989 ലെ കേരള ഗ്രന്ഥശാല സംഘം ആക്ട് സെക്ഷൻ 48 ഭേദഗതി) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് സമയബന്ധിതമായി ഗ്രന്ഥശാല സംഘത്തിന് അടയ്ക്കാതിരുന്നാൽ പ്രതിമാസം 2 ശതമാനം പലിശയോടുകൂടി തുക ഒടുക്ക് വരുത്തേണ്ടതാണ്. പ്രസ്തുത പിഴ പലിശ ഇനത്തിൽ അടക്കേണ്ടുന്ന തുക ബന്ധപ്പെട്ട സെക്രട്ടറി,പ്രസിഡന്റ്/ചെയർപേഴ്സസൺ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുവാനും വ്യവസ്ഥ ചെയ്യുന്നുണ്ട്.
2024-25 സാമ്പത്തിക വർഷം ലൈബ്രറി സെസ് ഇനത്തിൽ ഈടാക്കിയ തുക ഒടുക്കുവരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ 08-07-2025 തീയതിയിലെ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2024-25 രണ്ടാം അർദ്ധവർഷം ലൈബ്രറി സെസ് ആയി ഈടാക്കിയ തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ലൈബ്രറി സെസ് ഇനത്തിൽ ഈടാക്കിയ തുക ലൈബ്രറി കൗൺസിലിൽ ഒടുക്കി വിവരം അറിയിക്കേണ്ടതും ഭാവിയിൽ സമയബന്ധിതമായി ലൈബ്രറി സെസ് ലൈബ്രറി കൗൺസിലിലിൽ ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി പരിഷ്കരണം-ഫീൽഡ് തല പരിശോധന പൂർത്തിയാക്കി നികുതി പരിഷ്കരണം പൂർത്തീകരിക്കേണ്ടതാണ്

22.03.2023 ലെ സ ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട ഫീൽഡ് തല പരിശോധന നടത്തുന്നതിന് ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്ത എന്യുമറേറ്റർമാർ 400 ഓളം കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ട്. എന്നാൽ ഫീൽഡ് തല പരിശോധന നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കൊണ്ടും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താത്തതിനാൽ മുഴുവൻ തുകയും കൊടുക്കാൻ സാധിക്കാത്തതു കൊണ്ടും എന്യുമറേറ്റർമാർ ഫീൽഡ് തല പരിശോധന തത്കാലം നിർത്തിവെച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരുന്ന മുറയ്ക്ക് മാത്രമേ ആയത് പൂർത്തീകരിക്കാൻ കഴികയുള്ളൂ. 9ബി ഫോറം സമർപ്പിച്ച കെട്ടിട ഉടമകൾക്ക് കെട്ടിടം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയ കെട്ടിടങ്ങളുടെ എണ്ണം കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ ജി ഐ എസ് മാപ്പിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ലായെന്നും ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ആയത് വഴി നികുതി വർദ്ധനവ് ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതി വാങ്ങിയ ശേഷം കൂടുതൽ വിസ്തീർണ്ണം വർദ്ധിപ്പിച്ച് വരുന്ന കെട്ടിടങ്ങൾക്ക് കംപ്ലീഷൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അധിക നിർമ്മാണത്തിന് ക്രമവത്കരണ ഫീയും നികുതിയും കൂടാതെ ഫീൽഡ് തല പരിശോധന നടത്തി അധിക നിർമ്മാണം കണ്ടെത്തുന്ന മുറയ്ക്ക് 235എഐ പ്രകാരം വസ്തു നികുതിയും ഈടാക്കുന്നതാണെന്നും ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ചുമത്തിയിട്ടില്ലായെന്നും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ലായെന്നും കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്യുന്നതിന് മുമ്പ് സഞ്ചയയിൽ നിലവിലുണ്ടായിരുന്ന 10306 കെട്ടിടങ്ങളും കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/08.07.2025) മറുപടിയായി അറിയിച്ചിട്ടുണ്ട്.

നിലവിൽ 9906 കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കാൻ ബാക്കിയുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ ഫീൽഡ് തല വിവരശേഖരണം പൂർത്തിയാക്കി വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തുടർ സാക്ഷരതാ പ്രവർത്തനം - രേഖകൾ ഹാജരാക്കിയില്ല. ₹17300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നമ്പർ/പേര് | 309/25, തുടർ സാക്ഷരതാ പ്രവർത്തനം |
| അടങ്കൽ | ₹30,000-തനത് ഫണ്ട് |
| ചെലവ് | ₹17,300, ബിൽ നമ്പർ: 458/18.03.2025 |

28.05.2022 തീയതിയിലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ-യിലെ ഖണ്ഡിക 7.4.5-യിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

മേൽ പ്രോജക്ട് പ്രകാരം പ്ലസ്ടു തുല്യതാ കോഴ്സിന് ഒരു പഠിതാവിന് ₹2,300/- നിരക്കിൽ 3 പേരുടെ കോഴ്സ് ഫീസിനത്തിൽ ₹6900/-യും പ്ലസ്‌വൺ തുല്യതാ കോഴ്സിന് ഒരു പഠിതാവിന് ₹2,600/- നിരക്കിൽ 4 പേരുടെ കോഴ്സ് ഫീസിനത്തിൽ ₹10400/-യും കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി, നിലവിൽ തുല്യതാ പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ 7 പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട്, എത്ര പേർ വിജയിച്ചു എന്നതിന്റെ വിവരം, പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് 13.07.25 ന് നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹17300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 പത്താമുദയം -രേഖകൾ ഹാജരാക്കിയില്ല ₹3,900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നമ്പർ/ പേര് | 154/25, പത്താമുദയം |
| അടങ്കൽ | ₹50,000-തനത് ഫണ്ട് |
| ചെലവ് | ₹3,900 ബിൽ നമ്പർ: 457/18.03.2025 |

28.05.2022 തീയതിയിലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ-യിലെ ഖണ്ഡിക 7.4.5-ൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് പ്രകാരം പത്താംതരം തുല്യതാ കോഴ്സിന് ഒരു പഠിതാവിന് ₹1,950 നിരക്കിൽ 2 പേർക്ക് കോഴ്സ് ഫീസിനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് ₹3,900 കൈമാറിയിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ കോഴ്സ് ഫീ തുക കൈപ്പറ്റിയതിന്റെ രേഖകൾ, തുല്യതാ പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ പഠിതാക്കൾ പരീക്ഷ എഴുതിയതിന്റേയും വിജയിച്ചതിന്റേയും വിവരം, പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് 15.07.25 ന് നൽകിയ 14ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹3,900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല. ₹9,21,880 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ എന്ന പ്രോജക്ടിന്റെ ഭാഗമായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/പേര് | 11/25, സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ |
| അടങ്കൽ | ₹6,21,880 (വികസനഫണ്ട്-പൊതുവിഭാഗം)<br>₹3,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് +ബേസിക്)<br>ആകെ ₹9,21,880 |
| ചെലവ് തുക/ ബിൽ നമ്പർ & തീയതി | ₹4,00,000/227/11-12-24 – വികസന ഫണ്ട് പൊതുവിഭാഗം<br>₹2,21,880/234/12-12-24 – വികസന ഫണ്ട് പൊതുവിഭാഗം<br>₹3,00,000/235/12-12-24 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്<br>ആകെ ₹9,21,880 |

കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിന് കെ എസ് ഇ ബിയിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം മേൽ പട്ടികയിൽ കാണിച്ചതുപോലെ ആകെ ₹9,21,880 കുഞ്ഞിമംഗലം ഇലക്ട്രിക്കൽ സെക്ഷന് മുൻകൂറായി അനുവദിച്ചിട്ടുണ്ട്. 24-02-25 ന് കെ എസ് ഇ ബി യുമായി ഉണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം 31-03-25-ന് പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി 07/14-07-25 ന് നൽകിയ മറുപടിയിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി നടന്നുവരികയാണെന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. രേഖകൾ ഹാജരാക്കാത്തതിനാൽ ₹9,21,880 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 എ ബി സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എ ബി സി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം എന്ന പ്രോജക്ടിന്റെ ഭാഗമായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 13/25, എ ബി സി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ |
| | |

| | |
|---|---|
| അടങ്കൽ | ₹1,00,000 (വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹1,00,000 ബിൽ നമ്പർ: 425/ 14-03-2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹1,00,000 കണ്ണൂർ ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 9/14-07-25 നുള്ള മറുപടിയിൽ ജില്ലാപഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോപ്പതി) ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല-2,97,289 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - എഫ് എച്ച് സി |
| പ്രൊജക്റ്റ് നമ്പർ/ പേര് | 108/25-ഗവ. ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹6,00,000-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹6,00,000 ബിൽ നമ്പർ: 141/02.09.2024 |

ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോപ്പതി), കുഞ്ഞിമംഗലം-ത്തിന് മരുന്നു വാങ്ങുകയും അതു വഴി ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുന്നതിനും ആയി നടപ്പിലാക്കിയ പ്രോജക്റ്റാണിത്. 22.07.2024 തീയതിയിലെ 4/APHC((H) KM/24 നമ്പർ കത്ത് പ്രകാരം മെഡിക്കൽ ഓഫീസർ, ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോപ്പതി), കുഞ്ഞിമംഗലം എപിഎച്ച്സിയിലേക്ക് ആവശ്യമായ 163 ഇനം മരുന്നുകൾ ലഭ്യമാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)-നോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 30.07.2024 തീയതിയിലെ ഡിഎം13127/2024-എ1 നമ്പർ ലഭ്യതാരഹിത സാക്ഷ്യപത്രം പ്രകാരം ആവശ്യപ്പെട്ട മരുന്നുകൾ സ്റ്റോക്കിൽ ലഭ്യമല്ല എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മരുന്നുകൾ വാങ്ങുന്നതിനായി 28.08.2024 തീയതിയിലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ: PF-236 പ്രകാരം ₹6,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ (ഹോംകോ) അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. തുക കൈമാറി നാളിതു വരെയായിട്ടും 3,02,711 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | ഇൻവോയ്സ് തുക (രൂപ) |
|---|---|---|
| 1 | LF-670/07-07-2025 | 302711 |

297289 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-19/16.07.2025) മറുപടിയായി ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി ഇടപെടൽ നടത്തിയിട്ടുണ്ടെന്നും മരുന്ന് ലഭിച്ച ഉടനെ സ്റ്റോക്കിൽ എടുത്ത് സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് സമർപ്പിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ മരുന്നും ലഭ്യമാകാത്തതിനാൽ 2,97,289 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 കുടുംബാരോഗ്യ കേന്ദ്രത്തിൽ എയർകണ്ടീഷണർ സ്ഥാപിക്കൽ-രേഖകൾ ഹാജരാക്കിയില്ല.1,18,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി |
| പ്രൊജക്റ്റ് നമ്പർ/ പേര് | S0277/25-ലാബ് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹4,54,000 |
| ചെലവ് | ₹4,54,000-ഹെൽത്ത് ഗ്രാന്റ് |
| തുക/വൗച്ചർ നമ്പർ/ | ₹1,18,000/22401256/29.03.2025 |

| | |
|---|---|
| തീയതി | |

കുഞ്ഞിമംഗലം കുടുംബാരോഗ്യകേന്ദ്രത്തിലെ ലാബോറട്ടറിയുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഹെൽത്ത് ഗ്രാന്റ് സ്കീം-3 വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് പ്രകാരം ആകെ ചെലവഴിച്ച ₹454000 യിൽ ₹118000 സ്ഥാപനത്തിൽ എയർകണ്ടീഷൻ സ്ഥാപിയ്ക്കുന്നതിന് ചെലവഴിച്ച തുകയാണ്. നിർവ്വഹണത്തിന്റെ ഭാഗമായി സ്ഥാപനത്തിൽ ഒരു എയർകണ്ടീഷൻ (1 Ton) സ്ഥാപിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ 12.11.2024 തീയതിയിലെ 603/2023(7) നമ്പർ കത്ത് പ്രകാരം Detailed Estimate ലഭ്യമാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ, കണ്ണൂർ ജില്ല പിഡബ്ല്യുഡി ഇലക്ട്രിക്കൽ സെക്ഷൻ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 11.02.2025 തീയതിയിലെ PWD/BLDG/EST/1813/2025-6-1-1 നമ്പർ കത്ത് പ്രകാരം ₹1,18,000 യുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യുഡി ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തലശ്ശേരി ലഭ്യമാക്കിയിരുന്നു. പ്രസ്തുത കത്തിൽ പ്രോജക്ട് Deposit Work ആയി നിർവ്വഹിക്കുന്നതിനായി എസ്റ്റിമേറ്റ് തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിക്കൽ വിഭാഗം, കണ്ണൂർ-2 എന്ന മേൽവിലാസത്തിൽ ട്രഷറിയിൽ ഒടുക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഹെൽത്ത് ഗ്രാന്റ് പിഎഫ്എംഎസ് അക്കൗണ്ട് വഴി ട്രഷറി അക്കൗണ്ടിലേക്ക് കൈമാറാൻ സാധിക്കാത്തതിനാൽ കുടുംബാരോഗ്യകേന്ദ്രത്തിന്റെ ആശുപത്രി വികസന സമിതിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് 29.03.2025 തീയതിയിലും പ്രസ്തുത അക്കൗണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിന്റെ ട്രഷറി അക്കൗണ്ടിലേക്ക് 28.05.2025 തീയതിയിലും തുക കൈമാറിയിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1.തുക അനുവദിക്കുന്നതിന് മുമ്പായി പൊതുമരാമത്ത് വകുപ്പുമായി ഉണ്ടാക്കിയ കരാർ

2.പ്രോജക്ട് പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-23/17.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,18,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കുടുംബാരോഗ്യകേന്ദ്രത്തിൽ ജനറേറ്റർ സ്ഥാപിക്കൽ-രേഖകൾ ഹാജരാക്കിയില്ല-1,87,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി |
| പ്രൊജക്ട് നമ്പർ/ പേര് | S0283/25-കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ജനറേറ്റർ വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹1,87,000-മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| ചെലവ് | ₹1,87,000 ബിൽ നമ്പർ: 480/21.03.2025 |

കുഞ്ഞിമംഗലം കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ജനറേറ്റർ വാങ്ങുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. 2023-24 വർഷ കാലയളവിൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ₹6,30,000 പിഡബ്ല്യുഡി, ഇലക്ട്രിക്കൽ വിഭാഗത്തിന് Work Deposit ആയി കൈമാറിയിരുന്നു. (2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-26 കാണുക) എന്നാൽ കേന്ദ്രസർക്കാരിന്റെ പുതുക്കിയ ഡീസൽ നയത്തെ തുടർന്ന് പ്രസ്തുത ജനറേറ്ററിന് ₹1,87,000 അധികമായി എസ്റ്റിമേറ്റ് (ആകെ ₹8,17,000)) തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യുഡി ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തലശ്ശേരി ലഭ്യമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1,87,000 രൂപ കൂടി 24.03.2025 തീയതിയിൽ പിഡബ്ല്യുഡി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് Work Deposit ആയി ഒടുക്കിയിട്ടുണ്ട്. 21.04.2025 തീയതി നടന്ന സാധാരണ യോഗത്തിൽ 4/109/25 നമ്പർ തീരുമാന പ്രകാരം 817000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഗ്രാമപഞ്ചായത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.</u>

1. 13.02.2025 തീയതിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യുഡി ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തലശ്ശേരി ലഭ്യമാക്കിയ ₹8,17,000 യുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.

2.തുക അനുവദിക്കുന്നതിന് മുമ്പായി പൊതുമരാമത്ത് വകുപ്പുമായി ഉണ്ടാക്കിയ കരാർ ലഭ്യമാക്കിയിട്ടില്ല.

3.പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പിഡബ്ല്യുഡി, ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നുള്ള പൂർത്തീകരണവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ലഭ്യമാക്കാത്തതിനാൽ 1,87,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - കൃത്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലുള്ള മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കൺസ്യൂമർ നം. 116639800744 ൽ കണക്ടഡ് ലോഡ്. 6030 Watt രേഖപ്പെടുത്തി തൻവർഷം

പട്ടികയിൽ കൊടുത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരം ₹1,51,063 കെ എസ് ഇ ബിക്ക് ഒടുക്കിയിട്ടുണ്ട്. ആയതിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് തെരുവ് വിളക്കുകളുടെ ചാർജ്ജിനത്തിൽ ഒടുക്കിയിട്ടുള്ള തുക ഏതെല്ലാം വാർഡിലുള്ള ഏതിനത്തിലുള്ള ബൾബുകളുടെ നിരക്കാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറി നമ്പർ 15/15-07-25 നുള്ള മറുപടിയിൽ കെ എസ് ഇ ബിക്ക് ഒടുക്കുന്ന വൈദ്യുതചാർജ്ജിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവർത്തന ക്ഷമമായ തെരുവ് വിളക്കുകൾക്ക് മാത്രമാണ് വൈദ്യുത ചാർജ്ജ് ഒടുക്കുന്നുള്ളു എന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. സർക്കുലർ നമ്പർ 43742/ഡി.ഡി.3/2010/തസ്വഭവ/09.07.2010, സർക്കുലർ നമ്പർ 65529/ ഡി.ഡി.3/12/തസ്വഭവ 12.03.2013 എന്നിവ പ്രകാരം തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 2240010/11.04.24 | 12573 |
| 2240072/13.05.24 | 12549 |
| 22400153/12.06.24 | 12549 |
| 22400223/13.05.24 | 12549 |
| 22400305/23.08.24 | 12544 |
| 22400370/11.09.24 | 12594 |
| 22400496/14.10.24 | 12544 |
| 22400659/08.11.24 | 12557 |
| 22400789/17.1224 | 12544 |
| 22400871/08.01.25 | 12855 |
| 22400985/06.02.25 | 12646 |
| 22401095/12.03.25 | 12559 |
| ആകെ | 151063 |

## <u>1-21 മുൻകൂർ അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.</u>

ബി 18 ഷെഡ്യൂളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ ഇനത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ചതായി രേഖപ്പെടുത്തിയ ₹3,80,189 യുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ച തുക ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>1-22 ജൽജീവൻ മിഷൻ പദ്ധതി</u>

2024 വർഷത്തോടെ എല്ലാ വീടുകളിലും ഗാർഹിക ടാപ്പ് കണക്ഷൻ മുഖേന ആവശ്യമായ അളവിൽ ശുദ്ധജലം എത്തിക്കുക എന്നതാണ് ജൽജീവൻ മിഷൻ പദ്ധതിയുടെ ലക്ഷ്യം. കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/11-7-2025 ) ലഭ്യമാക്കിയ മറുപടിയിൽ, ഈ പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ഇതേവരെ തുകയൊന്നും ഈടാക്കിയിട്ടില്ലെന്നും 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്ക് സ്ഥാപനവിഹിതമോ ഗുണഭോക്തൃവിഹിതമോ ആയി തുകയൊന്നും തന്നെ കൈമാറിയിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

## <u>1-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗം- ഗ്രാമപഞ്ചായത്ത് തല അവലോകനം</u>

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021- 22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/ തസ്വഭവ തീ 9-8-23എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാ സ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

**കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഗ്രാന്റ് - വിനിയോഗ വിവരങ്ങൾ.**

2021-26 അവാർഡ് കാലയളവിൽ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ ആരോഗ്യ മേഖലാ ഗ്രാന്റ് ഇനത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു

**ലഭിച്ച അലോട്ട് മെന്റ്**

| ഗ്രാന്റ് വർഷം | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ |
|---|---|---|---|---|
| 2021-22 | - | - | - | - |
| 2022-23 | - | 2,64,733 | 1,35,000 | 3,99,733 |
| 2023-24 | - | 7,79,000 | 3,35,000 | 11,14,000 |
| 2024-25 | - | 3,25,000 | 5,33,000 | 8,58,000 |
| ആകെ | | 1368733 | 1003000 | 2371733 |

**ചെലവഴിച്ച തുക**

| ഗ്രാന്റ് വർഷം | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ |
|---|---|---|---|---|
| 2021-22 | - | - | - | - |
| 2022-23 | - | 2,18,492 | - | 2,18,492 |
| 2023-24 | - | 1,84,896 | 4,39,000 | 6,23,896 |
| 2024-25 | - | 6,40,345 | 55,480 | 6,95,825 |
| ആകെ | | 1043733 | 494480 | 1538213 |

**ആരോഗ്യ മേഖലാ ഗ്രാന്റ്- ഏറ്റെടുത്ത പദ്ധതികൾ**

ആരോഗ്യ മേഖലാ ഗ്രാന്റ് ചെലവഴിക്കുന്നതിനായി ഏറ്റെടുത്ത പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു

| വർഷം | സ്കീം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|---|---|
| 2022-23 | 3 | 195/23 | ലാബ് റീ ഏജന്റും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 2,18,492 |
| 2023-24 | 3 | 164/24 | ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം | 15,000 |
| | 3 | 167/24 | ലാബ് റീ ഏജന്റും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 29,787 |
| | 3 | 190/24 | ലാബ് റീ ഏജന്റും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 1,40,109 |
| | 4 | 163/24 | സബ്സെന്ററുകൾ കേന്ദ്രീകരിച്ച് ആരോഗ്യ ബോധവൽക്കരണ പരിപാടി | 1,000 |
| | 4 | 166/24 | കുടുംബക്ഷേമ ഉപ കേന്ദ്രങ്ങൾക്ക് ഉപകരണങ്ങളും സാധന സാമഗ്രികളും വാങ്ങൽ | 1,33,000 |
| | 4 | 194/24 | സബ്സെന്ററുകൾ കേന്ദ്രീകരിച്ച് ആരോഗ്യ ബോധവൽക്കരണ പരിപാടി | 50,000 |
| | 4 | 196/24 | കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് ഉപകരണങ്ങളും സാധന സാമഗ്രികളും വാങ്ങൽ | 2,55,000 |
| 2024-25 | 3 | 276/25 | ലാബ് റീ ഏജന്റും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 1,59,891 |
| | 3 | 277/25 | ലാബ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 4,54,000 |
| | 3 | 280/25 | ലാബ് റീ ഏജന്റും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 1,454 |
| | 3 | 281/25 | ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ടെസ്റ്റുകൾ നടത്തുന്നതിനുള്ള | 25,000 |

| | | | | |
|---|---|---|---|---|
| | | | സൗകര്യം ഏർപ്പെടുത്തൽ | |
| | 4 | 278/25 | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തൽ | 20,000 |
| | 4 | 279/25 | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തൽ | 1,000 |
| | 4 | 282/25 | ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളിൽ ഐഇസി പ്രവർത്തനങ്ങൾ | 10,000 |
| | 4 | 306/25 | എൻ ക്യു എ എസ് സ്റ്റാൻഡർഡൈസേഷൻ പ്രവർത്തനങ്ങൾ | 24,480 |

നീക്കിയിരിപ്പ് തുക 833520 രൂപ (2371733-1538213) ആരോഗ്യ മേഖലയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിശദ വിവരം

**എ)മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 13 | 74500 | 74500 | ഇല്ല | സ്ഥലമാറ്റം കാരണം വിവിധ മാസങ്ങളിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം വ്യത്യാസമാണ്. |

**ബി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | കുടിശ്ശിക ഉൾപ്പടെ) | | | |
| 0 | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |

**സി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 0 | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |

**ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| 2 | 02/2025 | 0 | 2,000 | 0 | - |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 10.07.2025&11.07.2025 | കെ.എസ്.എ/ കെ.എൻ.ആർ/ സി.1/1225/2025 തീയതിഃ 27.09.2025 |

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2024-25 സാമ്പത്തിക വർഷം പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾ നടപ്പാക്കുന്നതിനായി ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക (₹) | പ്രോജക്ട് നമ്പർ,പേര് | ചെലവഴിച്ച തുക(₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 5,69,500 | 49/25,സമൃദ്ധി നെൽക്കൃഷി വികസനം | 5,69,500 | 0 |
| | 40,000 | 102/25,സാന്ത്വന ചികിത്സാ പദ്ധതി | 40,000 | 0 |
| | 7,80,000 | 29/25, ലൈഫ് ഭവന പദ്ധതി-ജനറൽ-2024-25 | 7,80,000 | 0 |
| | 4,00,000 | 59/25, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 4,00,000 | 0 |

| | | | | |
|---|---|---|---|---|
| | 56,500 | 99/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 56,500 | 0 |
| ആകെ | 18,46,000 | | 18,46,000 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 480000 | 49/25, സമൃദ്ധി നെൽക്കൃഷിവികസനം | 480000 | 0 |
| | 190456 | 102/25, സാന്ത്വന ചികിത്സാ പദ്ധതി | 190456 | 0 |
| | 1,80,000 | 29/25, ലൈഫ് ഭവന പദ്ധതി-ജനറൽ-2024-25 | 1,80,000 | 0 |
| | 1,40,540 | 59/25, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 1,40,540 | 0 |
| | 36,334 | 99/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 36,334 | 0 |
| ആകെ | 10,27,330 | | 10,27,330 | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വിവിധ ഏജൻസികൾ വഴി നടപ്പിലാക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റിന്റെ നമ്പർ/ പ്രവൃത്തിയുടെ പേര് | നൽകിയ തുക(₹) | തുക/ബിൽ നമ്പർ/ തീയതി | ചെല വഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി, കുഞ്ഞിമംഗലം | 11/25, സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | ₹9,21,880 | ₹4,00,000/227/ 11-12-24<br>₹2,21,880/234/ 12-12-24<br>₹3,00,000/235/12-12-24 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ വിംഗ്, തലശ്ശേരി | 277/25, ലാബ് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തൽ | ₹1,18,000 | ₹1,18,000/22401256 /29.03.2025 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ വിംഗ്, തലശ്ശേരി | 283/25, കുടുംബാരോഗ്യ കേന്ദ്രത്തിന് ജനറേറ്റർ വാങ്ങൽ | ₹187000 | 480/21.03.2025 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-6 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം എടുത്ത | ആകെ | തൻവർഷം തിരിച്ചടച്ച | വർഷാ വസാനം |
|---|---|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/ തിയ്യതി | | ബാക്കിയുണ്ടായിരുന്ന തുക | വായ്പ | | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| കെയുആർഡി എഫ് സി- ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | ₹25,85,745+54,255 | ₹15,10,449 | 54,255 | 1564704 | 3,54,127 | 1210577 |
| ഹഡ്കോ ലോൺ- | ലഭ്യമല്ല | 2510952 | 0 | 2510952 | 2510952 | 0 | 2510952 |

## 4-7 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല. 25,000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ മൂല്യം | 25000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 25000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന ഷെയർമൂല്യം | 25000 |

**<u>വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു</u>**

| വിശദാംശങ്ങൾ | ഷെയർ മൂല്യം |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, മെമ്പർ നമ്പർ 43, ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 191 തീയതി 15.10.2004, ബി ക്ലാസ് ഷെയറുകൾ - രണ്ടെണ്ണം | 20000 |
| കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് സർട്ടിഫിക്കറ്റ് നമ്പർ 38 തീയതി 14.07.2015 – ഡി ക്ലാസ് ഷെയർ നമ്പർ 64 | 5000 |
| **ആകെ** | 25000 |

## 4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹3,191യുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേര് വിവരം | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2005-06 | 3-16 | 3,141 | രാജീവൻ.യു.വി | 1240104742/24.02.25 |
| 2023-24 | 1-17(4) | 50 | അനുശ്രീ.കെ | 1240103085/28.11.24 |
| | ആകെ | 3191 | | |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഓഡിറ്റ് റിക്കവറിയിനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 35 | 2002-03 | 13-3(1) | ടോയ് ലറ്റ് സോപ്പ് നിർമ്മാണ യൂണിറ്റ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-4 | 2016-17 | 2 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2019-20 | 1-30 | 2020-21 | അനുബന്ധം2 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളിലെ ഓഡിറ്റ് കണ്ടെത്തലുകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 4,55,84,050 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 4,00,30,061 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 16,45,369 |

### ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

**ഇല്ല**

### സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1 -13 | 17300 | ശ്രീ. മുഹമ്മദലി.കെ.പി,ഹെഡ് മാസ്റ്റർ |
| 1-14 | 3900 | ശ്രീ.മുഹമ്മദലി.കെ.പി,ഹെഡ് മാസ്റ്റർ |
| 1-15 | 921880 | ശ്രീ.ഉല്ലാസൻ.എം,സെക്രട്ടറി |
| 1 -16 | 100000 | ശ്രീ.ഉല്ലാസൻ.എം,സെക്രട്ടറി |
| 1 -17 | 297289 | ഡോ.ഷീബ പി നായർ, മെഡിക്കൽ ഓഫീസർ, FHC |
| 1 -18 | 118000 | ഡോ.ഷീബ പി നായർ, മെഡിക്കൽ ഓഫീസർ, FHC |
| 1 -19 | 187000 | ഡോ.ഷീബ പി നായർ, മെഡിക്കൽ ഓഫീസർ, FHC |
| ആകെ | 1645369 | |

**ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം**

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഉല്ലാസൻ.എം,സെക്രട്ടറി | സർവീസിൽ നിന്നു വിരമിച്ചു | പ്രണവം, അരവഞ്ചാൽ.പി.ഒ പയ്യന്നൂർ, കണ്ണൂർ |
| ഡോ.ഷീബ പി നായർ, മെഡിക്കൽ ഓഫീസർ, FHC | മെഡിക്കൽ ഓഫീസർ, FHC,കുഞ്ഞിമംഗലം | പരിയാരം, പരിയാരം മെഡിക്കൽ കോളേജ് പി ഒ, കണ്ണൂർ |
| ശ്രീ.മുഹമ്മദലി കെ പി, ഹെഡ് മാസ്റ്റർ | സർവീസിൽ നിന്നു വിരമിച്ചു | ടി ഹൗസ് ,പൊയ്ത്തുംകടവ്, അഴീക്കോട്.പി.ഒ, കണ്ണൂർ670009 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 1 |
| 2005-06 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 1 |
| 2006-07 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 1 |
| 2007-08 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 1 |
| 2009-10 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 2 |
| 2010-11 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 4 |
| 2011-12,12-13 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 7 |
| 2013-14,14-15 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 6 |
| 2015-16 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 1 |
| 2018-19 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 1 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 3 |
| 2021-22 | കെ.എസ്.എ/ കെ.എൻ.ആർ/സി1/748/2025 തീയതി 03.07.2025 | 5 |
| 2022-23 | നം.കെ.എസ്.എ/ കെ.എൻ.ആർ/സി.1/344/24 തീയതി 01.03.2024 | 25 |
| 2023-24 | കെ.എസ്.എ/ കെ.എൻ.ആർ/ സി.1/1830/2024 തീയതി 06.02.2025 | 39 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 144/25 dated 144/25 dated 10-06-2025 and submitted on 11-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kunhimangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kunhimangalam Grama Panchayat as on 31-03-2025

**Date: 27/09/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kunhimangalam Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1.Cash flow statement does not give a clear picture of the financial performance of the Grama panchayat

2. The following mandatory financial statements are not included in Annual Financial statement

a)Basic Ratios b)notes on account c) B1 Statements on comparison amounts and statement based on Rule 62 E

3.Asset register is not updated.

4.Calculation sheet showing the details of depreciation has not been produced for verification in audit

5.The secured loan amount in respect of HUDCO does not match with the loan register.

6.The value of Office vehicle is not included in the asset head.

7.The amount of works for which part payments were made, not includedin the Balance sheet, schedule B-11(b)

8.Closing balance related to State sponsored grant LIFE as per B-4 & B-17 schedule do not match

9. Descrepancy in the inclusion of the advance amount in the Balance sheet B-18 schedule

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3
# ധനകാര്യ പത്രികകൾ

## 1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ് മെന്റ്

**Kunhimangalam Grama Panchayat RECEIPT & PAYMENT STATEMENT**
For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 16349433.00 |
| Cash | Cash | RP-40(a) | 15588.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2591300.00 |
| 140000000 | Fees & User Charges | RP-4 | 4603875.00 |
| 150000000 | Sale & Hire Charges | RP-5 | 134672.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13199438.00 |
| 171000000 | Interest Earned | RP-9 | 527421.00 |
| 190000000 | Prior Period Income | RP-11 | 102936.00 |
| 240000000 | Interest & Finance Charges | RP-15 | 11885.00 |
| 311000000 | Earmarked Funds | RP-28 | 3352.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14877158.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6034085.00 |
| 460000000 | Loans, Advances and Deposits | RP-49 | 16900.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 2570094.00 |
| 340000000 | Deposits Received | RP-33 | 289830.00 |
| 350000000 | Other Liabilities | RP-35 | 621104.00 |
| | **Grand total** | | **61949071.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 113187.00 |
| 251000000 | Decentralised Plan Programme-Service Sector | RP-17 | 75000.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 262536.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5479503.00 |
| 460000000 | Loans, Advances and Deposits | RP-49 | 400000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 23200.00 |
| 350000000 | Other Liabilities | RP-35 | 33676635.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 21919010.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **61949071.00** |

## 2. ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

**Kunhimangalam Grama Panchayat INCOME & EXPENDITURE STATEMENT**
For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8078425.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 251332.00 |
| 140000000 | Fee & User Charges | I-4 | 4670060.00 |
| 150000000 | Sale & Hire Charges | I-5 | 134455.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 138597799.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 527421.00 |
| 180000000 | Other Income | I-9 | 23700.00 |
| | **Total Income** | | **152283192.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11437411.00 |
| 220000000 | Administrative Expenses | I-11 | 1425437.00 |
| 230000000 | Operations & Maintenance | I-12 | 2250100.00 |
| 240000000 | Interest & Finance Charges | I-13 | 544.00 |
| 250000000 | Decentralised Plan Programme-Productive | I-14 | 6906520.00 |

| | | | |
|---|---|---|---|
| | Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 32530631.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 1542529.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 17469114.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 57517500.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 835044.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 6132.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 6484766.00 |
| | **Total Expenditure** | | **138405728.00** |
| | **Gross Surplus / Deficit of income over Expenditure** | | **13877464.00** |

## 3.ബാലൻസ് ഷീറ്റ്

| **Kunhimangalam Grama Panchayat BALANCE SHEET**<br>As on 31-March-2025 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 34637284.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 8336.00 |
| 312000000 | Reserves | B-3 | 40400001.00 |
| | **Total Reserve & Surplus** | | **75045621.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8226117.00 |
| | **Total Grants, Contributions for Specific Purposes** | | **8226117.00** |

| | | | |
|---|---|---|---|
| | **Loans** | | |
| 330000000 | Secured Loans | B-5 | 3722724.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3722724.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 583585.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1909432.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2493017.00** |
| | **TOTAL LIABILITIES** | | **89487479.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 7334086.00 |
| 412000000 | Capital Work in Progress | B-11(b) | 119655.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 743491.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 17036370.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 83744086.00 |
| 416000000 | Accumulated Depreciation | B-11(a) | -49051019.00 |
| | **Total Fixed Assets** | | **59926669.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 25000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **25000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5702102.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 21919010.00 |
| 460000000 | Loans, Advances and Deposits | B-18 | 1914698.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **29535810.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **89487479.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ